**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 02.07.2019, തീയതിയിലെ 14/1-ാം നമ്പർ തീരുമാനം, 24.07.2019 തീയതിയിലെ 11-ാം നമ്പർ തീരുമാനം എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്യുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം. 2896/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 20.12.2019

---

പരാമർശം:
1) വാണിയംകുളം പഞ്ചായത്ത് ഭരണ സമിതിയുടെ 02.07.2019, തീയതിയിലെ 14/1-ാം നമ്പർ തീരുമാനം.
2) വാണിയംകുളം പഞ്ചായത്ത് ഭരണ സമിതിയുടെ 24.7.2019 തീയതിയിലെ 11-ാം നമ്പർ തീരുമാനം.
3) വാണിയംകുളം പഞ്ചായത്ത് സെക്രട്ടറിയുടെ 24.07.2019 തീയതിയിലെ A5-1732/19-ാം നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഹൈക്കോടതിയുടെ 05.09.2018 തീയതിയിലെ WP(C) No.20965/2018 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 236(3) പ്രകാരം ഡീംഡ് ലൈസൻസ് ലഭ്യമാക്കി, പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിൽ ജെഎംസി ഗ്രാനൈറ്റ്സ് എന്ന ക്വാറി പ്രവർത്തിച്ചുവന്നിരുന്നു. 2019-20 വർഷത്തേക്കുള്ള ടി സ്ഥാപനത്തിന്റെ കരിങ്കൽ ക്വാറിയിംഗ് പെർമിഷനായുള്ള 06.03.2019 തീയതിയിലെ അപേക്ഷ, പ്രദേശത്തെ ജനങ്ങളുടെ പരാതിയുടെയും പാരിസ്ഥിതിക പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.03.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം തടഞ്ഞ് വെയ്ക്കപ്പെട്ടിരുന്നു. ക്വാറിയിംഗിനായി അനുവാദപത്രികകൾ നൽകിയ ഏജൻസികളായ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ജിയോളജി വകുപ്പ്, റവന്യൂ വകുപ്പ് എന്നിവരുടെ റിപ്പോർട്ട് പുന:പരിശോധന നടത്തി ലഭ്യമാക്കി, അനുവാദം നൽകിയാൽ മതി എന്ന നിലപാടാണ് കമ്മിറ്റി സ്വീകരിച്ചത്. തുടർന്ന് ടി അപേക്ഷ സൂചന(1) പ്രകാരം നടന്ന യോഗത്തിന്റെ പരിഗണനയിൽ വയ്ക്കുകയും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 പ്രകാരം ജെഎംസി ക്വാറിയുടെ 26.03.2019-ലെ കരിങ്കൽ ഖനനത്തിനായുള്ള അപേക്ഷ നിയമപരമായി അനുവദിക്കേണ്ടതാണെന്ന് സെക്രട്ടറി ടി കമ്മിറ്റിയെ ധരിപ്പിക്കുകയും ചെയ്തു. എന്നാൽ ക്വാറിയുടെ പ്രവർത്തനാനുമതി നിശ്ചിത ഏജൻസികളുടെ ആധികാരിക പരിശോധന റിപ്പോർട്ടിന് ശേഷം നൽകിയാൽ മതിയെന്ന് യോഗം ഐക്യകണ്ഠേന തീരുമാനിച്ചു. തുടർന്ന് പഞ്ചായത്തിന്റെ ടി തീരുമാനം നിയമാനുസൃതമല്ലെന്നും ആയത് പുനപരിശോധിക്കണമെന്നും സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടുകയും ടി ആവശ്യം സൂചന (2) പ്രകാരം നടന്ന യോഗം പരിഗണിച്ചെങ്കിലും കമ്മിറ്റി സൂചന(1) ലെ യോഗ തീരുമാനത്തിൽത്തന്നെ ഉറച്ചു നിൽക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം 29(3)ലെ വ്യവസ്ഥയനുസരിച്ച് സൂചന (3) പ്രകാരം സെക്രട്ടറി വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ . ജനാർദ്ധനൻ നായർ മാനേജിംഗ് പാർട്ട്ണറായിട്ടുള്ള ജെഎംസി ഗ്രാനൈറ്റ്സിന്റെ 2019-20 വർഷത്തേക്കുള്ള കരിങ്കൽ ക്വാറിയിംഗിനായുള്ള പെർമിഷനുള്ള അപേക്ഷ പ്രദേശത്തെ ജനങ്ങളുടെ പരാതിയുടെയും പാരിസ്ഥിതിക പ്രശ്നത്തിന്റെയും വീടുകൾക്ക് ക്വാറിയിംഗിനെ തുടർന്ന് ഉണ്ടായെന്ന് കരുതുന്ന വിള്ളലുകളുടെയും പശ്ചാത്തലത്തിലാണ് പുന:പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കി അനുവാദം നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നത്. പഞ്ചായത്തിന്റെ ടി തീരുമാനം നിയമാനുസൃതമല്ലെന്നും ആയത് പുനപരിശോധിക്കണമെന്നും സെക്രട്ടറി പഞ്ചായത്തിനോട് ആവശ്യപ്പെടുകയും പഞ്ചായത്ത് മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുവാൻ തീരുമാനിക്കുകയും ചെയ്യുതിനാലാണ് കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം 29(3) പ്രകാരം സെക്രട്ടറി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നത്.

3) മേൽ സാഹചര്യത്തിൽ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ പരാമർശം(1), (2) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം. (ആമുഖ കത്ത് മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്, വാണിയംകുളം പഞ്ചായത്ത്, പാലക്കാട്.
സെക്രട്ടറി, വാണിയംകുളം പഞ്ചായത്ത്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ&ഇ/എൽ.ബി.എ),കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ആർ സി3/368/2019/ ത.സ്വ.ഭ.വ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ